IBC 2020

# DAY 5,6

Activities

## സ്നേഹിക്കുന്ന ദൈവം




**പഠനഭാഗം:**

**സ്നേഹം -**
**1 യോഹന്നാൻ 4:7-12 &**
**യാക്കോബ് 2:14-17**

പ്രിയപ്പെട്ടവരെ, നമുക്ക് പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ നിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല.കാരണം, ദൈവം സ്നേഹമാണ്. തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ, ദൈവത്തിന്റെ സ്നേഹം നമ്മുടെയിടയിൽ വെളിപ്പെട്ടിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, അവിടുന്ന് നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാര ബലിയായി സ്വപുത്രനെ അയക്കുകയും ചെയ്തു എന്നതിലാണ് സ്നേഹം. പ്രിയപ്പെട്ടവരെ ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. യോഹന്നാൻ 4:7-12വിശ്വാസമെന്നു പറയുകയും പ്രവർത്തിയില്ലാതിരിക്കുകയും ചെയ്യുന്നവന് എന്ത് മേന്മയാണുള്ളത്?

ഈ വിശ്വാസത്തിനു അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നെങ്കിൽ, അതുകൊണ്ട് എന്ത് പ്രയോജനം? പ്രവർത്തി കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജ്ജീവമാണ്. യാക്കോബ് 2:14-17

ഇപ്പോൾ നമ്മളാരും പുറത്തേക്കിറങ്ങുന്നില്ല. പരീക്ഷകളും നടന്നില്ല. ആരുമായും ബന്ധമില്ല. പള്ളിയിൽ പോകുന്നില്ല. ഇത് പരസ്നേഹത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ? കൊറോണ രോഗവ്യാപനവുമായി ബന്ധപ്പെട്ട നമുക്കു ചെയ്യനാവുന്ന കുറെ പരസ്നേഹ പ്രവർത്തനങ്ങൾ വിവരിച്ചു ഒരു പ്രസംഗം തയ്യാറാക്കാമോ. പുതിയ നിയമത്തിൽ നിന്ന് സ്നേഹവുമായി ബന്ധപ്പെട്ട വചനങ്ങൾ കണ്ടുപിടിച്ചെഴുതുക. ഏറ്റവും കൂടുതൽ വാക്യം കണ്ടെത്തുന്നവരാണ് മത്സര വിജയികൾ.